**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2585** **12.03.2020 ൽ മറുപടിയ്ക്ക്**

**ബാറുകൾ പൂട്ടിയതു മുഖേന തൊഴിൽ നഷ്ടമായവരുടെ പുനരധിവാസം**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.എം. സി. കമറുദ്ദീൻ | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ പൂട്ടിയതു മുഖേന തൊഴിൽ നഷ്ടമായവരെ പുനരധിവസിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 2014-15 വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിനായി "സുരക്ഷാ" സ്വയം തൊഴിൽ പദ്ധതി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം അർഹരായ തൊഴിലാളികൾക്ക് 5 വർഷത്തേയ്ക്ക് 2,50,000/- രൂപ ടേം ലോണായും, 50,000/- രൂപ ഗ്രാന്റ്/സബ്സിഡിയും ചേർത്ത് 3,00,000/- രൂപ വരെ സ്വയം തൊഴിൽ വായ്പയായി അനുവദിച്ചു നൽകുന്നതാണ്. |
| (ബി) | എത്രത്തോളം തൊഴിലാളികൾക്ക് ഇതുമൂലം പ്രയോജനമുണ്ടായി എന്നതിന്റെ വിശദവിവരം നൽകാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റദ്ദാക്കിയ ഭൂരിഭാഗം ഹോട്ടലുകൾക്കും, തൊഴിലാളികൾക്ക് തൊഴിൽ നൽകണം എന്ന വ്യവസ്ഥയിൽ എഫ്.എൽ.11 ലൈസൻസ് അനുവദിച്ചിരുന്നു. മേൽ ഹോട്ടലുകളിൽ 404 എണ്ണം ബാർ ഹോട്ടലുകളായി മാറി. ഇത്തരത്തിൽ ഭൂരിഭാഗം തൊഴിലാളികൾക്കും തൊഴിൽ ലഭിച്ചു.<br>തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിനായി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം നടപ്പിലാക്കി വരുന്ന "സുരക്ഷാ" സ്വയം തൊഴിൽ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ 188 അപേക്ഷകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. |
| (സി) | പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയത് തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന്റെ ഭാഗമായിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | (സി) | പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയത് തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന്റെയും കൂടി ഭാഗമായിരുന്നു. മുൻ സർക്കാർ നടപ്പാക്കിയ അബ്കാരി നയം ടൂറിസം മേഖലയിൽ അതിഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതായി പ്രസ്തുത വകുപ്പ് നടത്തിയ പഠനരേഖകൾ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് MISE-ന് (Meeting, Incentives, Conferences, Conventions, Exhibitions and Events) തടസ്സമായി നിൽക്കുന്നത് പ്രസ്തുത അബ്കാരി നയമാണെന്നും പ്രസ്തുത നയത്തിലെ മാറ്റം അതിപ്രധാനമായ തൊഴിൽ മേഖലയായ വിനോദ സഞ്ചാര മേഖലയുടെ പുരോഗതിക്ക് അനിവാര്യമാണെന്നും കാര്യകാരണ സഹിതം വിനോദ സഞ്ചാര വകുപ്പ് സമർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ